# നബി(സ)യെ ഇകഴ്ത്തിക്കൊണ്ടുള്ള മുജാഹിദ് നേതാക്കളുടെ പ്രസംഗങ്ങളുടെ ക്ലിപ്പുകൾ.

**മുജാഹിദുകൾ നബിയെ ഇകഴ്ത്തുന്നത് നേരിട്ട് കാണുക ഇത് ദുർവ്യാഖ്യാനമെന്നോ മറ്റോ പറഞ്ഞ് മുസ്‌ലിം സമുദായത്തെ വഞ്ചിക്കാൻ നെറ്റിലെ മുജാഹിദുകൾക്ക് സാധ്യമല്ല. നിങ്ങളുടെ നേതാക്കളുടെ ക്ലിപ്പുകളാണ് ഇവിടെ തെളിവുദ്ധരിക്കുന്നത്. നേതാക്കൾ എന്ത് പറഞ്ഞാലും അണ്ണാക്ക് തൊടാതെ വിഴുങ്ങുന്ന ചിലർ ഇതിനെയും ന്യായീകരിക്കും നഊദുബില്ലാഹ്.**



**നബി(സ)യെസംബന്ധിച്ച്**



**മുജാഹിദ് നേതാവ് എം. എം അക്ബർ പറയുന്നത് കാണുക.**

**"മുഹമ്മദ്നബി(സ)ഒരു മനുഷ്യനായിരുന്നു അദ്ദേഹംഒരുമനുഷ്യനായിരുന്നു. ഞാൻ പറഞ്ഞല്ലോ നാൽപത് വയസ്സ്വരെ അറബികൾക്കിടയിൽ ജീവിച്ച ഒരു സാധാരണ അറബി പയ്യൻ"** Double click(**വീഡിയോ കാണാൻ**)




**മുജാഹിദുകളേ, നിങ്ങൾ ശഹാദത്ത് കലിമ ചൊല്ലാറില്ലേ ? അതിൽ മുഹമ്മദ് റസൂലുല്ലാഹ് (സ)യെ ഒഴിവാക്കിയാണോ നിങ്ങൾ ചൊല്ലാറുള്ളത് അല്ലെങ്കിൽ നിങ്ങളുടെ പ്രവർത്തനവും കലിമയുമായി എന്താണ് ബന്ധം ?**

## നബി(സ)യുടെ ജാറത്തെക്കുറിച്ച്

സക്കരിയ്യ സലാഹി പറയുന്നത് കാണുക. Double click (വീഡിയോ കാണാൻ)



"മുജാഹിദുകൾക്ക് സഊദി അറേബ്യയുടെ ഭരണം കിട്ടുകയാണെങ്കിൽ അതിന്റെ രണ്ടാംദിവസം അവിടെകാണുന്ന പച്ചഖുബ്ബതകർക്കുകയും നബി(സ)യുടെ ജാറംപള്ളിക്ക് പുറത്താക്കിക്കൊണ്ട് പള്ളിപുനർനിർമ്മിക്കുകയും ചെയ്യുന്നതാണ്."




നബി(സ)യുടെ ജാറത്തിന്റെമേലെയുള്ള പച്ചഖുബ്ബതകർക്കുമെന്ന് പ്രസംഗിച്ചവരാണ്, അവരുടെ സമ്മേളനത്തിന്റെ ബാനറിൽ നബി(സ)യുടെ ഖുബ്ബയുടെ ഫോട്ടോ കൊടുക്കുന്നത്. (വായനക്കാരയ സുഹൃത്തുക്കളെ, ചിന്തിക്കുക.)

മുജാഹിദുകളെ , അഷ്റഫുൽ ഖൽഖായ

മുഹമ്മദ്നബി(സ)ഇകഴ്ത്തിക്കൊണ്ടുള്ള നിങ്ങളുടെ ദീൻ ഏതാണ് ?

പ്രവാചകന്റെ മനസ്സ് വേദനിപ്പിച്ചു കൊണ്ടുള്ള നിങ്ങളുടെ ഈ പോക്ക് എവിടെക്കാണ് !!!?

നിങ്ങളുടെ പ്രവാചകൻ ആരാണ് ?

ഇതിനായി നിങ്ങൾ ആർക്കാണ് കടപ്പെട്ടിരിക്കുന്നത് ?

ഇസ്‌ലാമിന്റെ പേരിൽ പ്രവർത്തിക്കുന്ന ഒരാൾക്ക് ഇതുൾകൊള്ളാൻ സാധ്യമാണോ !!!!?

ഇവരുടെ കൂടെപോയാൽ നേർവഴിയിലെത്താൻ സാധിക്കുമോ ?

**നെറ്റിലുള്ള നിഷ്പക്ഷമതികളായ സുഹൃത്തുക്കൾ വിലയിരുത്തുക. നാം ആരെയുംപിഴക്കാനോ പിഴപ്പിക്കാനോപോകുന്നില്ല. മൗലവിമാരുടെ സിഡികൾ കേട്ട് തെറ്റിദ്ധരിച്ചവരേ, സത്യംഏതാണെന്ന് നിങ്ങൾസ്വയംതീരുമാനിക്കുക!!**

**മുത്ത് മുഹമ്മദ് മുസ്തഫ(സ) തങ്ങൾ സാധാരണ അറബി പയ്യനായിട്ടാണോ ഖുർആൻ നമ്മെ പരിചയപ്പെടുത്തുന്നത്.. അല്ലാഹു പറയുന്നു.**

يَا أَيُّهَا الَّذِينَ آمَنُوا لَا تَرْفَعُوا أَصْوَاتَكُمْ فَوْقَ صَوْتِ النَّبِيِّ وَلَا تَجْهَرُوا لَهُ بِالْقَوْلِ كَجَهْرِ بَعْضِكُمْ لِبَعْضٍ أَن تَحْبَطَ أَعْمَالُكُمْ وَأَنتُمْ لَا تَشْعُرُونَ 2 إِنَّ الَّذِينَ يَغُضُّونَ أَصْوَاتَهُمْ عِندَ رَسُولِ اللَّهِ أُولَئِكَ الَّذِينَ امْتَحَنَ اللَّهُ قُلُوبَهُمْ لِلتَّقْوَى لَهُم مَّغْفِرَةٌ وَأَجْرٌ عَظِيمٌ

“സത്യവിശ്വാസികളേ ,നബിയുടെശബ്ദത്തേക്കാൾനിങ്ങളുടെ ശബ്ദം ഉയർത്തരുത്. നിങ്ങളിൽ ചിലർ ചിലരോട് ഉച്ചത്തിൽ സംസാരിക്കുന്നത്പോലെ നബിയോട് ഉച്ചത്തിൽ സംസാരിക്കുകയുമരുത്. നിങ്ങൾ അറിയാതെതന്നെ നിങ്ങളുടെകർമ്മങ്ങൾ നിഷ്ഫലമായിപ്പോയേക്കുമെന്നതുകൊണ്ടത്രെ(ഇത്നിരോധിച്ചത്)നിശ്ചയമായും അല്ലാഹുവിന്റെ റസൂലിനടുത്തുവെച്ച് തങ്ങളുടെ ശബ്ദങ്ങളെ താഴ്ത്തുന്നവരാരോഅവരുടെഹൃദയങ്ങളെതഖ്‌വ (ഭയഭക്തി)യിലേക്ക്അല്ലാഹു വിശാലമാക്കിക്കൊടുത്തിരിക്കുന്നു. അവർക്ക് പാപമോചനവും മഹത്തായ പ്രതിഫലവുമുണ്ട്.” (സൂറത്ത് ഹുജുറാത്ത് 2 , 3 )

**നബി(സ)യൊരു അറബിപയ്യനാണോ? നബിയെസംബന്ധിച്ച് നിങ്ങൾക്ക് സംശയമുണ്ടോ ? എങ്കിൽ താഴെ ലിങ്കുകളിൽ ക്ലിക്ക് ചെയ്ത് പ്രവാചകനെക്കുറിച്ച് സ്വൽപമെങ്കിലും പഠിക്കാൻ ശ്രമിക്കുക.**

അറബി പയ്യൻ(?!) ഭാഗം ഒന്ന്

അറബി പയ്യൻ(?!) ഭാഗം രണ്ട്

അറബി പയ്യൻ(?!) ഭാഗം മൂന്ന്

അറബി പയ്യൻ(?!) ഭാഗം നാല്

**സുഹൃത്തുക്കളെ, ചിന്തിക്കുക.**

ഇത്ഗുണംചെയ്യുക സത്യാന്വേഷികളായ നിഷ്പക്ഷമതികൾക്കാണ്. അല്ലാഹുവിന്റെ ഹിദായത്താണ് ഏറ്റവും വലുതാണ.് അത് ഇല്ലായെങ്കിൽ ആര് എന്ത് കാണിച്ചിട്ടും എന്ത് തെളിവുകൾ ഉദ്ധരിച്ചിട്ടും ഒരു ഗുണവും ചെയ്യില്ല. ആയതിനാൽ ഈ കുറിപ്പ്കൊണ്ട് ലക്ഷ്യംവെക്കുന്നത് നിഷ്പക്ഷമതികളെയാണ്. അത്തരം ആളുകൾ സ്വൽപംചിന്തിക്കുക. സാദിഖ്, ബഷീർ തുടങ്ങിയ സുഹൃത്തുക്കൾ ഇത് കണ്ടെത്കൊണ്ട് മുജാഹിദിൽ നിന്ന് വിടപറയുമെന്നുള്ള തെറ്റായ തോന്നൽ ഒന്നും നമുക്കില്ല. കാരണം മുൻകാല അനുഭവങ്ങൾ അതാണ് തെളിയിക്കുന്നത്. അബൂജഹ്ലും കൂട്ടരും ഇസ്ലാംസ്വീകരിക്കാതിരുന്നത് അവർക്ക്സത്യം വ്യക്തമാകാത്തത് കൊണ്ടാണോ ? അവരെ വിശുദ്ധഖുർആനിന്റെ തഫ്സീറുകൾ ഉദ്ധരിച്ച് , അല്ലെങ്കിൽ ബുഖാരി, മുസ്ലിം ഹദീസ്വിവരിച്ച് പണ്ഡിതന്മാർ വഅള്പറഞ്ഞ് കൊടുത്ത് ഇസ്ലാമിലേക്ക് ക്ഷണിച്ചതല്ല. അവരുടെ മുമ്പിൽ വച്ച് അല്ലാഹുവിൽനിന്നിറങ്ങിയ ഖുർആൻ ആയത്തുകൾ അവർക്ക് പ്രവാചകൻ (സ)തന്നെ ഓതി ക്കേൾപ്പിച്ചിട്ടും നബി അവരെ നേരിട്ട് ഇസ്ലാമിലേക്ക് ക്ഷണിച്ചിട്ടും പല അൽഭുതങ്ങസംഭവങ്ങളും അവർക്ക്നബി(സ)കാണിച്ച്കൊടുത്തിട്ടും അവർപലകാരണങ്ങൾ പറഞ്ഞ് പിന്തിരിയുകയല്ലേചെയ്തത് ? അല്ലാഹുവിന്റെ ഹിദായത്ത് അവർക്ക്ലഭിച്ചില്ലേ.

സത്യദീനിന്റെ നേർവഴി പറഞ്ഞ് കൊടുക്കുക എന്നതാണ് നമ്മുടെ ബാധ്യത, സ്വീകരിക്കുന്നവർ സ്വീകരിക്കും അല്ലാത്തവർ തലതിരിച്ചു കളയും. അവരെ സത്യം മനസ്സിലാക്കാൻ നാഥൻ തുണക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

മുഹമ്മദ് നബി(സ) ഒരു സാധാരണ അറബി പയ്യനായിരുന്ന് എന്ന് മുജാഹിദ് പറയുമ്പോൾ, മക്കാ മുശ്രിക്കുകൾ നബിയെക്കുറിച്ച് പറഞ്ഞത് ഖുർആൻ വിവരിക്കുന്നു.

وَقَالُوا يَا أَيُّهَا الَّذِي نُزِّلَ عَلَيْهِ الذِّكْرُ إِنَّكَ لَمَجْنُونٌ6

"അവർ പറഞ്ഞു : ഓ അല്ലാഹുവിങ്കൽ നിന്നു ഖുർആൻ ലഭിച്ച(തായവകാശ പ്പെടുന്ന) മനുഷ്യാ, നീ ഒരു ഭ്രാന്തൻ തന്നെയാണ് "(അൽ ഹിജ്റ് 6)

നബി(സ)യെ ഇകഴ്ത്തുന്നവർ എത്ര തൗഹീദ്പ്രസംഗിച്ചിട്ടും കാര്യമുണ്ടോ ? നബിയെ തള്ളിപ്പ റയുന്നവന്റെ ദീൻഇസ്ലാമല്ല. നബി(സ)യെകൂടാതെ നേർ വഴിയിലെത്താമെന്ന് കരുതുന്നത് നാശത്തിന്റെ ലക്ഷണമാണ്. ഇത് നമ്മു ടെ ആഖിറത്തിന്റെ പ്രശ്നമാണ് ഇവിടെ എന്ത് തോന്നിയവാസവും ചെയ്യാം. അവിടെ നമുക്ക് രക്ഷവേണമെങ്കിൽ നബി(സ) മുഖേനെയല്ലാതെ സാധ്യമല്ല. അല്ലാഹു നമ്മെ സത്യത്തിന്റെ കൂടെഒരുമിച്ചുകൂട്ടട്ടെ. ആമീൻ.

സി.പി. അബ്ദുല്ല ചെരുമ്പ

www.islamkerala.com

E-mail : abdulla_cherumba@yahoo.com

Mobile : 00919400534861